# മലയോര ഹൈവേ വരുമ്പോൾ

സി. കെ. സുജിത്കുമാർ

**കേ**രളത്തിൽ പുതിയൊരു റോഡ് ശൃംഖല കൂടി നിർമ്മിക്കാൻ പോകുന്നു. സംസ്ഥാനത്തെ മലമ്പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ. മലനാട്ടിലെ ചെറിയ പട്ടണങ്ങളെയും കവലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ ഹൈവേ മലനാടിന്റെ സമഗ്രവികസനം മുന്നിൽ കണ്ടുകൊണ്ടുള്ളതാണെന്നുപറയുന്നു.

മലയോര ഹൈവേ എന്ന ആശയം പുതിയതൊന്നുമല്ല. 40 വർഷങ്ങൾക്കുമുമ്പുതന്നെ ധനകാര്യ കമ്മീഷൻ വിഭാവനംചെയ്തതാണ് ഈ പദ്ധതി. ഇപ്പോൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് ഇത് പ്രാവർത്തികമാക്കാൻ പോകുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ നിർമ്മാണത്തിന് 100 കോടി രൂപയാണ് വകുപ്പ് ചെലവ് കണക്കാക്കുന്നത്.

സംസ്ഥാനത്തുടനീളം പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകൾ പുനർനിർമ്മിക്കാൻ പണമില്ലെന്ന ഒഴിവുകഴിവ് പറഞ്ഞ് തൽക്കാലം ഓട്ടകളടച്ചാൽമാത്രം മതിയെന്ന തീരുമാനമെടുത്തവർതന്നെ ഒന്നാംഘട്ടത്തിനു മാത്രം 100 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പുതിയൊരു ഹൈവേ നിർമ്മിക്കാൻ ഒരുക്കം കൂട്ടുമ്പോൾ അതിലെന്തൊക്കെയോ ദുരൂഹതകളുണ്ടെന്ന് കരുതേണ്ടതുണ്ട്.

ഈ ഹൈവേയുടെ ഒരു പ്രധാന ഭാഗം കടന്നുപോവുക തൃശൂർ ജില്ലയിലെ വാഴച്ചാലിൽനിന്നുതുടങ്ങി പറമ്പിക്കുളം വന്യജീവി സങ്കേതത്തിലൂടെയാണ്. ഏതൊരു പുതിയ റോഡ് ശൃംഖല ഉണ്ടാക്കുമ്പോഴും പതിവുപറ്റുകാരായ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും കോൺട്രാക്ടർമാർക്കും സിൽബന്ധികൾക്കും തടയുന്ന കൊള്ളലാഭം അറിവുള്ളതാണല്ലോ. വനപ്രദേശത്തുകൂടെയുള്ള റോഡാവുമ്പോൾ ലാഭത്തിന്റെ വ്യാപ്തിയും വർദ്ധിക്കും. പ്രത്യേകിച്ച് പദ്ധതി പ്രദേശം കേരളത്തിലെ തന്നെ ഏറ്റവും നിബിഡമായ വനപ്രദേശങ്ങളിൽ ഒന്നാകുമ്പോൾ. തടിയിലൂടെ കിട്ടാൻപോകുന്ന വരുമാനം ചില്ലറയൊന്നുമല്ലല്ലോ.

എന്തായാലും പുതിയ ഹൈവേ ഉണ്ടാക്കാൻ പോകുന്ന പാരിസ്ഥിതിക വിനാശം അതിഭീകരമായിരിക്കും. വംശനാശത്തിൽ മാത്രം ഒതുങ്ങിനിൽക്കില്ലാ അത്. വന്യജീവികളുടെ സ്വൈരവിഹാരം തടസപ്പെടും. വേട്ടക്കാർക്ക് പുതിയൊരു മാർഗം തുറന്നുകിട്ടുകയാണ്. കാട്ടുതീയുടെ സാധ്യതയും ഏറും.

വാഴച്ചാൽ മുതൽ പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ ഒരുകൊമ്പൻവരെയുള്ള വനപ്രദേശത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. വന്യമൃഗങ്ങളുടെ സാന്ദ്രത വളരെ കൂടിയ മേഖലയാണിത്. കാട്ടാനകളുടെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സഞ്ചാരപാത (ആനത്താര- elephant path)യും വന്യജീവികളുടെ ദേശാടനപാത (migratory route)യും ഈ മേഖലയിലൂടെ കടന്നുപോകുന്നുണ്ടെന്ന് വനശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നു. പറമ്പിക്കുളത്തുനിന്നും ഇടമലയാറിലേക്കും പൂയംകുട്ടിയിലേക്കും മറ്റു പ്രധാന വനപ്രദേശങ്ങളിലേക്കും വന്യജീവികൾക്ക് സഞ്ചരിക്കാനുള്ള ഏക മാർഗവുമാണിത്. ഈ വഴിയാണ് ഹൈവേയുടെ നിർമ്മാണത്തോടെ അടയാൻ പോകുന്നത്.

വൻകിട അണക്കെട്ടുകളും മറ്റു പദ്ധതികളും കുടിയേറ്റവും മലനാട്ടിലെ വനങ്ങൾ ഏതാണ്ടും വെളിവാക്കിക്കഴിഞ്ഞു. അവശേഷിക്കുന്നതുകൂടി തർപ്പണമാക്കിവെച്ച് ആളുകളുടെ ദുരിതം കൂട്ടാനുള്ള തിടുക്കത്തിലാണ് സർക്കാർ.

മലനാട് മൊത്തത്തിൽ ഒരു ടൂറിസം മേഖലയാക്കി മാറ്റുക എന്ന ഗൂഢോദ്ദേശ്യംകൂടി സർക്കാരിനുണ്ട്. ഹൈവേ വരുന്നതോടെ ഇതുവരെയും ചെല്ലാനാകാത്ത പല വനപ്രദേശങ്ങളിലേക്കും ടൂറിസ്റ്റുകൾക്ക് എത്തിപ്പെടാനാകും.

യഥാർത്ഥത്തിൽ അപകടകരമായ രീതിയിൽ ഏറ്റവും സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളിൽ ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ഹൈവേ. മലനാടിന്റെ സമഗ്രവികസനം എന്നത് കണ്ണിൽ പൊടിയിടാനുള്ള തന്ത്രം മാത്രമാണ്.

വികസനമെന്നാൽ കുറെ റോഡുകളുണ്ടാക്കുകയെന്നതാണ് നമ്മെയൊക്കെ വിശ്വസിപ്പിച്ചിരിക്കുന്നത്. ജനകീയാസൂത്രണത്തോടെ ഈ വിശ്വാസം ഒന്നുകൂടി അരക്കിട്ടുറപ്പിക്കപ്പെട്ടിരിക്കുന്നു. കുടിവെള്ള ലഭ്യതയും കൃഷിചെയ്യാനുള്ള നല്ലൊരു ചുറ്റുപാടും ആരോഗ്യകരമായ കാലാവസ്ഥയും വികസനത്തിന്റെ മാനദണ്ഡങ്ങളായി പറഞ്ഞുകേൾക്കാറില്ല.

മലനാടിന്റെ അടിയന്തിരമായ പ്രശ്നങ്ങൾ ഉരുൾപൊട്ടലും മലയിടിച്ചിലും കുടിവെള്ളക്ഷാമവും കൃഷിക്ക് അത്യാവശ്യംവേണ്ട കാലാവസ്ഥ നഷ്ടപ്പെട്ടുവെന്നുള്ളതും ആണ്. അഥവാ, അടിസ്ഥാന പ്രശ്നങ്ങളിൽ റോഡുംകൂടി ഉൾപ്പെടുത്തുന്നുവെങ്കിൽ മലയോര ഹൈവേയല്ല വേണ്ടത്. മലമ്പ്രദേശങ്ങൾക്ക് എപ്പോഴും യോജിച്ചത് ചെറിയ റോഡുകളാണ്. വലിയ റോഡുകൾ മലനാടിന്റെ പരിസ്ഥിതിക്കും ഭൂമിശാസ്ത്രത്തിനും ഇണങ്ങിയതല്ല.

ഭൂവിസ്തൃതിക്ക് ആനുപാതികമായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ റോഡുകളുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും മോശം റോഡുകളുള്ളതും ഇവിടെ തന്നെയാണ്. പുതിയ റോഡുകൾ നിർമ്മിക്കാൻ ആർത്തികാട്ടുംമുമ്പ് ഉള്ള റോഡുകൾ നന്നാക്കി സഞ്ചാരയോഗ്യമാക്കുകയാണ് വേണ്ടത്.